# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 601

28-10-2011 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി. | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | എ) ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി, വകുപ്പ് നവീകരിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പു നവീകരണത്തിനായി ഈ സാമ്പത്തിക വർഷം 2,75,00,000/- രൂപ (രണ്ടു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി വകുപ്പിനെ നവീകരിക്കുന്നതിനായി, കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ 55 വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കള്ളുഷാപ്പു കളിൽക്കൂടി വിൽക്കുന്ന കള്ള് ശുദ്ധമാണെന്ന് ഉറപ്പു വരുത്തുന്നതിനായി, തത്സമയ പരിശോധനയ്ക്കായി, പരീക്ഷണാടിസ്ഥാനത്തിൽ, വകുപ്പിൽ മൊബൈൽ |

ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ, ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, റിഫ്ലക്ട് ജാക്കറ്റ്, ഹെൽമറ്റ്, കൈവിലങ്ങ്, സെർച്ച് ലൈറ്റ് എന്നിവ ലഭ്യമാക്കി, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. 1996 - ൽ വാങ്ങുകയും, 2003-ൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കു നൽകുകയും, തിരകൾ ലഭ്യമല്ലാതിരുന്നതിനാൽ ഉപയോഗിക്കാതിരുന്നതുമായ 101 റിവോൾവറുകൾ ഉപയോഗപ്രദമാക്കുന്നതിലേയ്ക്കായി 9000 തിരകൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2010 – ൽ പുതിയതായി വാങ്ങിയ 110 പിസ്റ്റലുകൾ, തിരകൾ ലഭ്യമാക്കാതിരുന്നതിനെ തുടർന്ന്, നാളിതുവരെ ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നില്ല. സേനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, ഈ സർക്കാർ അധികാരമേറ്റതിനു ശേഷം, അവയ്ക്കായി 17000 തിരകൾ വാങ്ങുന്നതിന് അനുമതി നൽകുകയും, ആയതിലേയക്കുള്ള തുക പൂനയിലുള്ള അമ്യൂനിഷൻ ഫാക്ടറിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തിരകൾ ലഭിക്കുന്ന മുറയ്ക്ക്, പ്രസ്തുത പിസ്റ്റലുകൾ എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്.

എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിനും, എക്സൈസ് കേസ്സുകളുടേയും പ്രതികളുടേയും

വിവരം സംസ്ഥാനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായി ക്രൈം റിക്കാർഡ്സ് ബ്യൂറോ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

എക്സൈസ് വകുപ്പിൽ, എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് 321 മൊബൈൽ ഫോൺ കണക്ഷൻ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൽകിയിട്ടുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, എക്സൈസ് ഗാർഡ് മുതൽ മൊബൈൽ കണക്ഷൻ നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

ബി) വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിയമ ഭേദഗതികൾ, ഉത്തരവുകൾ, അബ്കാരി നയം എന്നിവ യഥാസമയം വെളിപ്പെടുത്തുന്നതിന് വെബ്സൈറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

ബി) വെബ്സൈറ്റ് തുടങ്ങുന്നതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള നിയമഭേദഗതികൾ, ഉത്തരവുകൾ, അബ്കാരി നയം എന്നിവ യഥാസമയം വെബ്സൈറ്റിൽ കൂടി വെളിപ്പെടുത്തുന്നതാണ്.

സി) എന്ന് ഈ വെബ്സൈറ്റ് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

സി) ഒരുമാസത്തിനകം വെബ്സൈറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ